വിളയൂർ ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറി

551 [806] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയൂർ ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള പ്രവർത്തനം എവിടെവരെയായി എന്നു വ്യക്തമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം സൗജന്യമായി നൽകാൻ വെൽഫയർ കമ്മറിയും വിളയൂർ പഞ്ചായത്തും തയ്യാറായിട്ടും ആയത് ഏറെറടുക്കാനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറെറടുത്തു ഡിസ്പെൻസറിക്കു സ്ഥിരം കെട്ടിടം ഉണ്ടാക്കാനുള്ള നടപടി ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണത്തിനുള്ള എസ്റിമേറ് തയ്യാർ ചെയ്തു ടെൻഡർ വിളിക്കുന്നതിനുള്ള നടപടികളും സ്ഥലത്തെ വെൽഫെയർ കമ്മറി നടത്തിവരികയാണ്.

(ബി) ഇതൊരു റൂറൽ ഡിസ്പെൻസറിയാണ്. 25 സെൻറു സ്ഥലവും അവിടെ ഒരു കെട്ടിടവും ഡിസ്പെൻസറിയായി നിർമ്മിച്ചു തന്നുകൊള്ളാമെന്ന വ്യവസ്ഥയിലാണ് വിളയൂർ പഞ്ചായത്തിൽ ടി ഡിസ്പെൻസറി അനുവദിക്കപ്പെട്ടത്. എന്നാൽ പഞ്ചായത്തിനു പകരം വെൽഫയർ കമ്മറിയാണ് കെട്ടിട നിർമ്മാണച്ചുമതല ഏറെറടുത്തിരിക്കുന്നത്. വ്യവസ്ഥാനുസരണം കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോഴെ കെട്ടിടവും സ്ഥലവും ഡിപ്പാർട്ടുമെൻറിനു ഏറെറടുക്കാൻ സാധിക്കുകയുള്ളു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രികളിൽ ജോലിചെയ്യുന്ന പാർട്ടൈം ജീവനക്കാർ

552 [807] ശ്രീ. കെ.പി. നൂറുദ്ദീൻ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരളത്തിലെ ആശുപത്രികളിൽ ജോലിചെയ്യുന്ന പാർട്ടൈം ജീവനക്കാർ എത്ര;

(ബി) അവർക്കു ശമ്പളമായും അലവൻസായും നൽകുന്ന തുക എന്ത്;

(സി) ഇവരുടെ അവശതകൾ പരിഹരിക്കുന്നതിനായി ഗവൺമെൻറിനു എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly